കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്

55 (3486) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയപാതയുടെ ഓരത്തു സ്ഥിതി ചെയ്യുന്ന കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

എമർജൻസി ഹെൽത്ത് കെയർ ശക്തിപ്പെടുത്തുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാൻ ഫണ്ടിൽ തുക വകയിരുത്തുകയും ട്രോമാകെയർ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ട്രാൻസ് ഫാറ്റ് അടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ നിരോധനം

56 (3487) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് കാരണമായേക്കാവുന്ന ട്രാൻസ് ഫാറ്റ് അടങ്ങിയ ഭക്ഷ്യവസ്തുക്കൾ കേരളത്തിൽ ധാരാളമായി വിറ്റഴിക്കപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുജനാരോഗ്യത്തെ നശിപ്പിക്കുന്ന ഇത്തരം ഉത്പന്നങ്ങൾ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രാൻസ്ഫാറ്റിന്റെ ഉപയോഗംമൂലം ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കുന്നതായ നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ക്യാൻസർ രോഗത്തിനും ട്രാൻസ് ഫാറ്റ് കാരണമായേക്കാവുന്നത് സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അത്തരം ഉത്പന്നങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് മാത്രമേ അധികാരമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly